# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1268 18/01/2021-ൽ മറുപടിയ്ക്ക്

## ഓട്ടിസം പാർക്ക് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ** | **പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിലാണ് സർക്കാർ ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എ) സർക്കാർ സ്കൂളുകളിൽ ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിനായി താഴെ പറയുന്ന 8 സ്കൂളുകളെയാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

1 ഗവ. യു.പി.സ്കൂൾ പള്ളിമൺ, കുണ്ടറ, കൊല്ലം
2 ഗവ. എൽ.പി.സ്കൂൾ, അമ്പലപ്പുഴ, ആലപ്പുഴ
3 ഗവ. എച്ച്.എസ്.എസ്, പൊള്ളത്തായി, ആലപ്പുഴ
4 ഗവ. യു.പി.സ്കൂൾ, മണർക്കാട്, കോട്ടയം
5 ഗവ. എൽ.പി.സ്കൂൾ, പറവൂർ, എറണാകുളം
6 ഗവ. എൽ.പി.സ്കൂൾ, മംഗലം, പാലക്കാട്
7 ഗവ. എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം
8 ഡയറ്റ്, പാലയാട്, ധർമ്മടം, കണ്ണൂർ

പ്രസ്തുത പദ്ധതിക്കായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഏത് സ്കൂളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പോത്തൻകോട് യു.പി.സ്കൂളിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>പൊതുമരാമത്ത് വകുപ്പിനെയാണ് ഡി.പി.ആർ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഓട്ടിസം പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | പദ്ധതി ആരംഭിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുവാൻ നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസം - വാർഷിക പദ്ധതി 2017-18 – "ഓട്ടിസം പാർക്ക്" (Autism Park)" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാ) നം. 754/2019/പൊ.വി.വ   തീയതി, തിരുവനന്തപുരം 26/02/2019

പരാമർശം:- 1. 22/06/2017-ലെ സ.ഉ(സാധാ) നം. 1988/2017/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 11/01/2019-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡബ്ല്യു 1/35381/18/ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും, 4202-01-201-92 (പി) എന്ന ശീർഷകത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് സംസ്ഥാനത്തെ 14 നിയോജക മണ്ഡലങ്ങളിലെ (ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ വീതം) 14 സർക്കാർ സ്കൂളുകളിൽ (14 x 50 ലക്ഷം രൂപ) "ഓട്ടിസം പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം 1 പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ "ഓട്ടിസം പാർക്ക്" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ 8 സർക്കാർ സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ "ഓട്ടിസം പാർക്ക്" എന്ന പദ്ധതിക്കായി 2202-01-101-76 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും (ഇരുന്നൂറ്റി എൺപത് ലക്ഷം രൂപ മാത്രം), 4202-01-201-92 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും (നാനൂറ്റി ഇരുപത് ലക്ഷം രൂപ മാത്രം) ചേർത്ത് 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് സംസ്ഥാനത്തെ ചുവടെ പറയുന്ന 8 സർക്കാർ സ്കൂളുകളിൽ "ഓട്ടിസം പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നം | ജില്ല | നിയോജക മണ്ഡലം | സ്കൂൾ |
|---|---|---|---|
| 1 | കൊല്ലം | കുണ്ടറ | പള്ളിമൺ ഗവ.യു.പി.സ്കൂൾ |
| 2 | ആലപ്പുഴ | അമ്പലപ്പുഴ | അമ്പലപ്പുഴ എൽ.പി.സ്കൂൾ |
| 3 | ആലപ്പുഴ | ആലപ്പുഴ | പൊള്ളത്തായി ഗവ. എച്ച്.എസ്.എസ് |
| 4 | കോട്ടയം | പുതുപ്പള്ളി | മണർകാട് ഗവ. യു.പി.സ്കൂൾ |
| 5 | എറണാകുളം | പറവൂർ | പറവൂർ ഗവ. എൽ.പി.സ്കൂൾ |
| 6 | പാലക്കാട് | തരൂർ | മംഗലം ഗവ. എൽ.പി.സ്കൂൾ |
| 7 | മലപ്പുറം | താനൂർ | ഗവ. എൽ.പി.സ്കൂൾ, താനൂർ |
| 8 | കണ്ണൂർ | ധർമ്മടം | പാലയാട് ഡയറ്റ്, കണ്ണൂർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി. കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Nanitha
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

General Education- Annual Plan 2019-20- "Autism Park"- Administrative Sanction- accorded-Orders issued

**GENERAL EDUCATION (P) DEPARTMENT**

**G.O.(Rt)No.2379/2019/GEDN** Dated,Thiruvananthapuram, 17/06/2019

Read 1 Letter no.PL1/46983/2018/DPI dtd 04/05/2019 from the Director of Public Instruction, Tvpm

2 Minutes of the Departmental Working Group meeting held on 17.05.2019

**ORDER**

The Director of Public Instruction, Tvpm as per his letter read as first paper above has forwarded a proposal of " Autism Park" for an amount of Rs.300 lakhs (Rupees Three hundred lakhs only) under the head of accounts '2202-01-101-76 (200 lakhs) & 4202-01-201-92 (100 lakhs) during the current year's (2019-20) budget provision.

Government have examined the proposal in detail and are pleased to accord Administrative Sanction for an amount of Rs.300 lakhs (Rupees Three hundred lakhs only) under the head of account '2202-01-101-76 (200 lakhs) & 4202-01-201-92 (100 lakhs) during the current year's (2019-20) budget provision for implementing the scheme of "Autism Park", as envisaged in the Plan write-up.

The Director of General Education shall strictly monitor the implementation of the scheme

(By order of the Governor)
P S KRISHNAKUMAR
ADDITIONAL SECRETARY

The Director of General Education,Tvpm
The Accountant General (A&E/Audit),Kerala,Tvpm
The Finance Department
S.F/O.C

Forwarded /By order

Section Officer